**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 513** **23-02-2022 - ൽ മറുപടിയ്ക്ക്**

**പെട്രോളിയം വില വർധനയിലൂടെയുള്ള അധിക നികുതി വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷത്തിലും പെട്രോളിയം വില വർധനയുടെ ഫലമായി സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ള അധിക നികുതി വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | പെട്രോൾ, ഡീസൽ വിലവർദ്ധനവിന്റെ ഭാഗമായി 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ കേരള പൊതുവിൽപന നികുതി നിയമപ്രകാരം ഉണ്ടായ അധിക നികുതിവരുമാനം ഇനംതിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത അധിക നികുതി വരുമാനത്തിൽ നിന്നും നികുതി ഇളവ് അനുവദിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഈ ഇനത്തിൽ എത്ര രൂപയുടെ ഇളവ് അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ബി) | അധിക നികുതി വരുമാനത്തിൽ നിന്നും നികുതി ഇളവ് അനുവദിക്കുന്നതിനുള്ള പദ്ധതികളൊന്നും കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ നികുതി വകുപ്പ് വഴി നടപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

പെട്രോൾ, ഡീസൽ വിലവർദ്ധനവിന്റെ ഭാഗമായി 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ കേരള പൊതുവിൽപന നികുതി നിയമപ്രകാരം ഉണ്ടായ അധിക നികുതി വരുമാനം

| വർഷം | പെട്രോൾ (തുക കോടിയിൽ) | ഡീസൽ (തുക കോടിയിൽ) |
|---|---|---|
| 2016-17 | 263 കോടി | 437 കോടി |
| 2017-18 | 108 കോടി | 147 കോടി |
| 2018-19 | 71 കോടി | 212 കോടി |
| 2019-20 | ഇല്ല | ഇല്ല |
| 2020-21 | 470 കോടി | 482 കോടി |

**സെക്ഷൻ ഓഫീസർ**